(സി) കർഷകർക്ക് രജിസ്ട്രേഷൻ സമയം മുതൽ പേമെന്റ് ഓഫീസർ പാസാക്കുന്നതുവരെയും തുടർന്നും എല്ലാ വിവരങ്ങളും വിശദമായി വെബ്സൈറ്റിലൂടെ അറിയുവാൻ കഴിയുന്നു. കർഷകരെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ തെറ്റു കൂടാതെ രേഖപ്പെടുത്തിയിരിക്കുന്നതു കൂടാതെ വിവരങ്ങൾ യഥാസമയം വെബ്സൈറ്റിൽ update ചെയ്യപ്പെടുന്നതിനാൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നു.

വില വർദ്ധന

226 (1310) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യോത്പന്നങ്ങളുടെ വില വർദ്ധന പിടിച്ചുനിർത്താൻ ഭക്ഷ്യ പൊതുവിതരണ വകുപ്പുവഴി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഭക്ഷ്യോത്പന്നങ്ങൾ സബ്സിഡി നിരക്കിൽ സർക്കാർ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പൊതുവിതരണ ശൃംഖലവഴിയാണ് ഇവ വിതരണം ചെയ്യുന്നത്; വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ പേരും സബ്സിഡി നിരക്കും വ്യക്തമാക്കാമോ;

(സി) ക്രിസ്തുമസ്സിനോടനുബന്ധിച്ച് സാധാരണക്കാർക്ക് ഭക്ഷ്യോത്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് എത്തിച്ചു കൊടുക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ ഏജൻസികൾ വഴി എന്തൊക്കെ ഉത്പന്നങ്ങളാണ് ഇത്തരത്തിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; ഇവയുടെ വിതരണം എന്നാരംഭിക്കും ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സ്വീകരിച്ച നടപടിയുടെ വിശദാംശം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്. റേഷൻ കടകൾ വഴിയും സപ്ലൈകോ വഴിയുമാണ് ഇവ വിതരണം ചെയ്യുന്നത്. വിതരണം ചെയ്യുന്ന ഉല്പന്നങ്ങളുടെ പേരും സബ്സിഡി നിരക്കും അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു*.

(സി) സപ്ലൈകോ 7-12-2015 മുതൽ ക്രിസ്തുമസ് ചന്തകൾ ആരംഭിക്കും. ഈ ചന്തകളിൽ കുടി വെറുപയർ, ഉഴുന്ന് ബോൾ, വൻകടല, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി, വെളിച്ചെണ്ണ എന്നി 13 അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിലും കൂടാതെ മറ്റ് ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കാനും ഉദ്ദേശിക്കുന്നു. കൂടാതെ സാമ്പാർപൊടി, രസപ്പൊടി, ചിക്കൻ മസാല, പുട്ടുപൊടി, അപ്പം പൊടി തുടങ്ങിയവ ശബരി ബ്രാന്റിൽ പുതുതായി പൊതു വിപണിയിൽ എത്തിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly